(സി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണം.

(ബി) പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും സേഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. പൊതുജന ആരോഗ്യ ആക്ട് അനുസരിച്ചും ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ചും സേഫ് കേരള പദ്ധതിയിലൂടെ ലാബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

(സി) ലാബുകളിൽ സേഫ് കേരളയുടെ ഭാഗമായി ആരോഗ്യവകുപ്പ് ടീം രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകൾ അടച്ചുപൂട്ടുകയും ഉണനിലവാരം ഉയർത്തുവാൻ നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ ടീമുകൾ രൂപീകരിച്ച് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയവർ അടങ്ങിയ ടീം ലാബുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ അടച്ചുപൂട്ടുകയോ ചെയ്തുവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പാണ് രജിസ്ട്രേഷൻ നൽകുന്നത്.

നെന്മാറ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

31 (723) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. ഏഴ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ഏക കിടത്തിചികിത്സാ കേന്ദ്രമാണ് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 93 കിടക്കകളുള്ള ഈ ആരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടി ക്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) 26-5-2014-ലെ സ.ഉ (സാധ) നം.1669/2014/ആകവ, 1-1-2015-ലെ സ.ഉ (സാധാ) നം.4/15/ആകവ എന്നിവ പ്രകാരം നെന്മാറ സി.എച്ച്.സിയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. താലൂക്കാശുപത്രികൾക്കാവശ്യമായ കൂടുതൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അത്യാഹിത വിഭാഗം എന്നിവയ്ക്ക് നിലവിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം, വ്യയനിയന്ത്രണം എന്നീ കാരണങ്ങളാൽ സാധിക്കാത്ത സാഹചര്യമാണ്.

(സി) നെന്മാറ സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തികസ്ഥിതി മോശമായതിനാൽ പരിഗണിച്ചിട്ടില്ല എന്നാൽ, 25-11-2013-ലെ സ.ഉ. (ആർ.റ്റി) നമ്പർ 3937/13/ആ.ക.വ. പ്രകാരം അസിസ്റ്റന്റ് സർജൻമാരുടെ 3 തസ്തികകൾ സ്ഥാനമാറ്റം വഴി നെന്മാറ സി.എച്ച്.സി-യ്ക്ക് അനുവദിച്ചിട്ടുണ്ട്. നെന്മാറ സി.എച്ച്.സി ഉൾപ്പെടെ സംസ്ഥാനത്തെ 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സ.ഉ (സാധ) നമ്പർ 1669/14/ആ.ക.വ. 1-1-2015-ലെ 26-5-2014-ലെ സ.ഉ (സാധ) 4/15/ആ.ക.വ. എന്നീ ഉത്തരവുകൾ പ്രകാരം ഗൈനക്കോളജി പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കരങ്ങു പനി ശുശ്രൂഷകരുടെ പരിരക്ഷ

32 (724) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരങ്ങുപനി വ്യാപിക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയിൽ എർപ്പെട്ടിട്ടുണ്ടോ ;

(ബി) പനി ബാധിതരെ ശുശ്രൂഷിക്കുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്കും സന്നദ്ധസംഘടനകൾക്കും എന്തെല്ലാം പരിരക്ഷയാണ് ഉറപ്പാക്കിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly